"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ലയിലെ തലനാട് ഗ്രാമപഞ്ചായത്തിലെ ശ്രീമതി ബിന്ദു റുബിച്ചൻ, പഴയപറമ്പിലിനും, ശ്രീമതി സിസിലിയമ്മ മരുതം കല്ലേലിനും ലൈഫ് മിഷൻ പ്രകാരം വീട് നിർമ്മാണത്തിന് ധനസഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.76/2024/LSGD തീയതി,തിരുവനന്തപുരം, 09-01-2024

---

പരാമർശം:-

1. തലനാട് ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 20/04/2023 ലെ 9(1) ,8(1) തീരുമാനങ്ങൾ
2. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 19/10/2023 ലെ 4446/സിസി/2019/ലൈഫ്(4) നമ്പർ കത്ത്
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 26/10/2023-ൽ നടന്ന യോഗത്തിന്റെ നടപടികുറിപ്പിലെ 2.7 ഖണ്ഡിക (4.27 ) തീരുമാനം

**ഉത്തരവ്**

കോട്ടയം ജില്ലയിലെ തലനാട് ഗ്രാമപഞ്ചായത്തിലെ 2020 ലെ ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീമതി ബിന്ദു റൂബിച്ചൻ, പഴയപറമ്പിൽ, ശ്രീമതി സിസിലിയമ്മ മരുതും കല്ലേൽ എന്നിവർക്ക് 2011-12, 2012-13 കാലയളവിൽ ഇന്ദിര ആവാസ് യോജന പ്രകാരം വീട് നിർമ്മിക്കാൻ ധനസഹായം അനുവദിച്ചിരുന്നു. ടി വീടുകൾ 2018 ലെ പ്രളയത്തെ തുടർന്ന് വാസയോഗ്യമല്ലാതായി. വീട് വാസയോഗ്യമല്ല എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും, വീട് നിർമ്മാണത്തിന് മുമ്പ് ധനസഹായം നൽകിയത് പരിഗണിക്കാതെ ലൈഫ് മിഷൻ പ്രകാരം ആനുകൂല്യം ലഭ്യമാക്കണമെന്നും പരാമർശം 1 പ്രകാരം തലനാട് ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം കൈകൊണ്ട് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി ലഭ്യമാക്കിയിരുന്നു. അപേക്ഷകരുടെ കുടുംബങ്ങൾക്ക് പ്രളയ ധനസഹായമായി 10000 രൂപയാണ് ലഭിച്ചതെന്നും, വീട് വാസയോഗ്യമല്ലായെന്നുള്ള അസിസ്റ്റന്റ് എഞ്ചിനീയറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മേൽ കക്ഷികൾക്ക് ലൈഫ് മിഷൻ പ്രകാരം ആനുകൂല്യം നൽകാമെന്നും പരാമർശം 2 പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശിപാർശ ചെയ്തിരുന്നു.

26/10/2023 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ

യോഗം ഈ വിഷയം പരിശോധിച്ചു. ശ്രീമതി ബിന്ദു റൂബിച്ചൻ, പഴയപറമ്പിലിനും, ശ്രീമതി സിസിലിയമ്മ മരുതും കല്ലേലിനും വീട് വാസയോഗ്യമല്ലായെന്നുള്ള അസിസ്റ്റന്റ് എഞ്ചിനീയറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ലൈഫ് മിഷൻ പ്രകാരം വീട് നിർമ്മാണത്തിന് ധനസഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

സെക്രട്ടറി, തലനാട് ഗ്രാമപഞ്ചായത്ത്, കോട്ടയം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ(ഡിഎ) വകുപ്പ്

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി
ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ
Signed by
Sheeba S C
Date: 10-01-2024 12:46:22